## പതിനാലാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.234 — 15.07.2016 ന് മറുപടിയ്ക്ക്

## വനമേഖലയുടേയും വന്യജീവികളുടേയും സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം<br>ശ്രീ.കെ.ഡി.പ്രസേനൻ<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.എം.രാജഗോപാലൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനമേഖലയുടെയും വന്യജീവികളുടെയും സംരക്ഷണത്തിനായി വനമേഖലയിൽ വാർത്താവിനിമയ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) വനം-വന്യജീവി സംരക്ഷണത്തിനായി വനമേഖലയിൽ വാർത്താ വിനിമയ ശൃംഖല ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ സാധിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) കേരളത്തിലെ വിവിധ വനമേഖലകളിൽ പതിനേഴ് വയർലെസ് റിപ്പീറ്റർ സ്റ്റേഷനുകൾ പുതുതായി സ്ഥാപിച്ച് വനമേഖലയും വനആസ്ഥാനമുൾപ്പെടെയുള്ള ഓഫീസുകൾ തമ്മിൽ വാർത്താവിനിമയ ശൃംഖല വിപുലീകരിക്കുക എന്നതാണ് പ്രഥമ ലക്ഷ്യം. ഇപ്രകാരം വാർത്താ വിനിമയ ശൃംഖല ശക്തിപ്പെടുത്തുക വഴി വനം, വന്യജീവികളുടെ സംരക്ഷണം, മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കൽ, ചന്ദന സംരക്ഷണം ഉറപ്പു വരുത്തൽ എന്നീ കാര്യങ്ങൾ ഫലപ്രദമായി നടപ്പാക്കുക എന്നിവയാണ് ഉദ്ദേശലക്ഷ്യം. |

(സി) സംസ്ഥാനത്തെ വനാതിർത്തി വേർതിരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

(സി) കേരളത്തിലെ വനാതിർത്തി നിർണ്ണയിച്ച് സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം റെയിഞ്ച് ഡിവിഷൻ തലങ്ങളിൽ കണ്ടെത്തി ആയവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വനാതിർത്തി വേർതിരിക്കുന്നതിനായി ഇനിയും 53000-ൽപരം ജണ്ടകൾ സ്ഥാപിക്കേണ്ടതായി കണക്കാക്കിയിട്ടുണ്ട്. ആയതിൽ ഓരോ വർഷവും സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം നിശ്ചയിച്ച് ഇതു സംബന്ധിച്ച നടപടി റെയിഞ്ച് ഡിവിഷൻ തലങ്ങളിൽ സ്വീകരിച്ചു വരുന്നു. വനാതിർത്തി കണ്ടെത്തുന്നതിനുള്ള സർവ്വേ ജോലികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് മൂന്നു മാസത്തെ സർവ്വെ പരിശീലനം നൽകിയിട്ടുണ്ട്. ഇതിനോടകം തന്നെ 30 പേരടങ്ങുന്ന രണ്ട് ബാച്ചുകൾ പരിശീലനം പൂർത്തിയാക്കി സർവ്വേ ജോലികൾ ചെയ്തു വരുന്നു. കൂടുതൽ പേർക്ക് പരിശീലനം നൽകാൻ ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ എല്ലാം ഡിവിഷൻ, സർക്കിൾ, വനം വകുപ്പ് ആസ്ഥാനം എന്നീ തലങ്ങളിൽ മാസം തോറും വിലയിരുത്തിപ്പോരുന്നു. ജണ്ട നിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും തടസ്സമുണ്ടാകുന്ന പക്ഷം ആയത് പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.